# Deepika

## 23 August 2018

## Thiruvananthapuram: No failure to open dam: CM



# ഡാം തുറന്നതിൽ വീഴ്ചയില്ല: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളമാകെ എന്നല്ല, ലോകമാകെത്തന്നെ ഇവിടത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പുനരധിവാസ പ്രക്രിയയിലും ഇനി നടക്കാനിരിക്കുന്ന പുനർനിർമാണ കാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന സമയത്തു വിമർശനങ്ങൾ ഉന്നയിക്കാനാണു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുമ്പോട്ടുവന്നിട്ടുള്ളതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഡാമുകൾ തുറക്കുന്ന കാര്യത്തിൽ സർക്കാരിനു വീഴ്ച പറ്റിയതാണു പ്രളയത്തിനു കാരണമെന്ന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ ആരോപണത്തിനു മറുപടി പറയുകയായിരുന്നു അദ്ദേഹം.

### കഴമ്പുണ്ടാവണം

ഏതു വിമർശനത്തെയും നേരിടാൻ ഗവൺമെന്റിനു വിഷമമില്ല. വിമർശനത്തിൽ കഴമ്പുണ്ടാവണം എന്നു മാത്രം. വിമർശനത്തിനുവേണ്ടി മാത്രമുള്ള വിമർശനം ആകാതിരിക്കാൻ വിമർശകർ ശ്രദ്ധിക്കുന്നതു നല്ലതാണ്. രമേശ് ചെന്നിത്തല ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ ഏറെയും അടിസ്ഥാനമില്ലാത്തതാണെന്നു പ്രതിപക്ഷ നേതാവിന്റെ ഫേസ്ബുക്ക് പോസ്റ്റിൽനിന്നു തന്നെ വ്യക്തമാകുമെന്നു മുഖ്യമന്ത്രി പറഞ്ഞു.

പിണറായി വിജയൻ

1924ൽ നടന്ന പ്രളയം പ്രകൃതി സൃഷ്ടിയായിരുന്നു എന്നും 2018ൽ നടന്നത് സർക്കാർ വരുത്തിവച്ച ദുരന്തമാണ് എന്നും പ്രതിപക്ഷ നേതാവ് പറയുന്നു. ഇതിനടിസ്ഥാനമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത് മഴയുടെ കണക്കാണ്. 1924ലുണ്ടായതായി രമേശ് ഉന്നയിക്കുന്ന കണക്ക്, അതായത് 3368 മില്ലീമീറ്റർ എന്നത്, കാലവർഷവും തുലാവർഷവും അടക്കം ഒരു വർഷത്തിലാകെയായി കിട്ടിയ മഴയാണ്. എന്നാൽ, 2018ൽ കിട്ടിയ 2500 മില്ലീമീറ്റർ എന്നത് ഈ കാലവർഷ ഘട്ടത്തിലേ മാത്രം മഴയുടെ കണക്കാണ്. ഒരു സീസണിലെ മഴയെ ഒരു വർഷത്തിലെ മഴയുമായി താരതമ്യപ്പെടുത്തി 1924ലായിരുന്നു കൂടുതൽ മഴ എന്നു പറയുന്നതിൽ എന്ത് അർഥമാണുള്ളത്?

### 1924ൽ ഒരു ഡാം

1924ൽ കേരളത്തിലാകെ ഒരു ഡാമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് 42 മേജർ ഡാമുകളടക്കം ആകെ 82 ഡാമുകൾ കേരളത്തിലുണ്ട്. ഈ ഡാമുകളെ ഫലപ്രദമായി മാനേജ് ചെയ്യാൻ കഴിഞ്ഞു എന്നതാണു സത്യം.

യഥാർഥത്തിൽ 1924ലേക്കാൾ രൂക്ഷമായിരുന്നു ഇത്തവണത്തെ മഴ. ചെറിയ സമയം കൊണ്ട് വലിയ അളവിൽ വെള്ളം നിറയ്ക്കുന്ന ഒന്നായിരുന്നു ഇത്തവണത്തെ മഴ. ഇടുക്കിയിൽ ഒന്നാംഘട്ട മഴയ്ക്കുശേഷം ജൂലൈ 26 മുതൽ മഴ കുറഞ്ഞുവരികയായിരുന്നു.

ഇതുകൊണ്ടാണ് ആ ഘട്ടത്തിൽ ഷട്ടർ തുറക്കാതിരുന്നത്. എന്നാൽ, ഓഗസ്റ്റ് എട്ട് ആയപ്പോൾ സ്ഥിതി മാറി. കേരളത്തിൽ പെയ്യുന്ന ശരാശരി മഴയുടെ മൂന്നിലൊന്ന് മഴ ഓഗസ്റ്റ് 14 മുതൽ 17 വരെയുള്ള നാലു ദിവസങ്ങൾകൊണ്ട് പെയ്തു.

### ഇരട്ടി മഴ

ഇടുക്കിയിൽ ഈ നാലുദിവസംകൊണ്ടു പെയ്തത് 811 മില്ലീമീറ്ററാണ്. ഇത് സാധാരണയുടെ ഇരട്ടിയിലധികമാണ്. കക്കിയിൽ ഈ നാലുദിവസം കൊണ്ട് 915 മില്ലീമീറ്റർ മഴയാണ് പെയ്തത്. ഇതും സാധാരണയുടേതിന്റെ ഇരട്ടിയിലധികമാണ്. ഇങ്ങനെയാണ് അപ്രതീക്ഷിതമായി ഡാമുകളിൽ ജലനിരപ്പ് ഉയർന്നതും ഷട്ടറുകൾ നിയന്ത്രിതമായി തുറക്കേണ്ടിവന്നതും.

## കൊച്ചി മെട്രോ സർവീസ് സാധാരണനിലയിൽ

**കൊച്ചി:** പ്രളയത്തിൽ മുട്ടത്തെ മെട്രോ യാർഡിലെ സാങ്കേതിക സംവിധാനങ്ങൾ തകരാറിലായതിനെത്തുടർന്നു മെട്രോ ട്രെയിൻ സർവീസിൽ ഏർപ്പെടുത്തിയിരുന്ന വേഗനിയന്ത്രണം ഒഴിവാക്കിയതായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) അധികൃതർ അറിയിച്ചു. ഇതോടെ കൊച്ചി മെട്രോ സർവീസ് സാധാരണനിലയിലായി.

പരമാവധി വേഗം മണിക്കൂറിൽ 80 കിലോമീറ്റർ ആണെങ്കിലും 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിലായിരുന്നു തുടക്കം മുതലുള്ള മെട്രോ സർവീസ്. നിലവിൽ ഒൻപത് മിനിറ്റ് ഇടവിട്ടാണ് സർവീസ് നടത്തുന്നത്.

കൊച്ചി മെട്രോയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന സ്മാർട് കാർഡായ കൊച്ചി വൺ ഉപയോഗിച്ചു യാത്ര ചെയ്യാൻ കൂടുതൽ ദിവസങ്ങൾ കാത്തിരിക്കേണ്ടിവരും. ക്യൂ ആർ കോഡ് ടിക്കറ്റ് ഉപയോഗിച്ചു മാത്രമേ ഇപ്പോൾ യാത്ര ചെയ്യാൻ കഴിയൂ.